*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥി കൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാർ**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 19D

## സെപ്തംബർ, 2001

## എനിക്ക് സാക്ഷിയില്ല

ഇനി ഞാൻ അടുത്ത ഉപാഖ്യാനത്തിലേക്ക് പോവുകയാണ്. അതൊരു വ്യാഴാഴ്ച ദിവസ മായിരുന്നു. നിങ്ങൾക്കറിയാവുന്നപോലെ, ഞങ്ങളുടെ കോളജിൽ ഒരു മണിക്കൂർ നേര ത്തേക്കുള്ള എന്തെങ്കിലുമൊരു ആദ്ധ്യാത്മിക പ്രവർത്തനമുണ്ടാവും ഓരോ വ്യാഴാഴ്ച രാവിലെയും. ഞങ്ങൾക്കൊരു അതിഥി പ്രഭാഷകനുണ്ടാവും, ഒരു പാനൽ ചർച്ചയുണ്ടാവും, അഥവാ ഒരു ആദ്ധ്യാത്മിക ക്വിസ് ഉണ്ടാവും–അങ്ങനെയെ ന്തെങ്കിലും.



സ്വാമി പോർട്ടിക്കോയിൽ, വിദ്യാർത്ഥികൾക്കൊപ്പം

അന്നു വൈകുന്നേരത്ത് സ്വാമി ആരാഞ്ഞു, “ഇന്നു കാലത്ത് നിങ്ങളുടെ കോളജിൽ എന്താ ണുണ്ടായിരുന്നത്?”

ആൺകുട്ടികൾ മറുപടി നൽകി, “സ്വാമീ, ഞങ്ങൾക്കൊരു അതിഥിപ്രഭാഷ കനുണ്ടായിരുന്നു, അദ്ദേഹം വലിയ ആചാര്യനും തത്വചിന്തകനും ദ്വൈതസി ദ്ധാന്തത്തിന്റെ വക്താവുമായിരുന്ന മാധ്വാചാര്യരെക്കുറിച്ച് സംസാരിക്കുകയുണ്ടായി.”

ഭഗവാൻ അന്വേഷിക്കാൻ തുടങ്ങി, "അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽനിന്ന് നിങ്ങൾക്കെന്തു മനസ്സിലായി? ഏതാനും കാര്യങ്ങൾ എന്നോടു പറയൂ."



മാധ്വാചാര്യർ: ദ്വൈതം(Dualism)

കുട്ടികൾക്ക് മറുപടി നൽകാനായില്ല. അവർക്ക് പറയാനായി, "അത് അതിശയകരമായിരുന്നു. പ്ലീസ്, നമുക്ക് നാളെ കാണാം." എന്നാൽ അവരൊരു മറുപടി പറയാൻ റെഡിയല്ലായിരുന്നു. എന്തൊക്കെയായിരുന്നു വസ്തുതകൾ എന്ന് സ്വാമി ആരാഞ്ഞപ്പോൾ, അവർക്ക് പെട്ടെന്ന് ഉത്തരം പറയാൻ കഴിഞ്ഞില്ല.

അപ്പോൾ അവിടുന്ന് എന്നെ നോക്കി. "നീ എന്തു പറയുന്നു?"

ശരി, സ്വാമിയെ പ്രകോപിപ്പിച്ച് ഇതേ വിഷയത്തിൽ കൂടുതൽ മാനങ്ങൾ വെളിപ്പെടുന്നതിനായി മുന്നോട്ടുവരാൻ ഞാൻ തീരുമാനിച്ചു. അതിനാൽ ഞാൻ പറഞ്ഞു, "സ്വാമീ, ഇന്നു കാലത്ത് ആ പണ്ഡിതൻ 'സാക്ഷി(witness)' എന്ന ആശയത്തെപ്പറ്റിയാണ് സംസാരിച്ചത്. സ്വാമീ, അവിടുന്ന് ദയവുചെയ്ത് അതെപ്പറ്റി കുറച്ചുകൂടി വിശദമാക്കിത്തരുമോ?"

ഭഗവാൻ പറഞ്ഞു, "അവൻ പറഞ്ഞ സ്ഥിതിക്ക്, ഞാനെന്തിന് വിശദമാക്കണം? (*ചിരി*) നീ പോയി അവനോട് സംസാരിക്കൂ."

എന്നിട്ട് പൊടുന്നനെ അവിടുന്ന് അരുളി, "**എനിക്ക് സാക്ഷി ഇല്ല.**"

"എനിക്ക് സാക്ഷി ഇല്ല." എന്ന ഈ പ്രസ്താവനയുടെ ആഴവും ഗഹനതയും മനസ്സിലാക്കുക. അത് വാസ്തവമായും ഒരു ഗരിമയുള്ള പ്രസ്താവനയാണ്. അത് ലളിതമാണെന്നു തോന്നാം. അല്ല! സാക്ഷി എന്നത് നമ്മുടെ ഓരോരുത്തരുടെയും ഉള്ളിലെ ആത്മാവാണ്. ഞാൻ പറഞ്ഞത് വ്യക്തമായെന്നു കരുതുന്നു. ആത്മാവാണ്(Self) സാക്ഷി. ഇതിനർത്ഥം, എന്താണ് ശരി, എന്താണ് തെറ്റ് എന്ന് എനിക്കറിയാം എന്നാണ്. എന്താണ് സംഭവിക്കുന്നത് എന്ന് എനിക്കറിവുണ്ട്. എന്റെ സ്വപ്നത്തിൽ നടക്കുന്നതെന്തെന്ന് എനിക്കറിവുണ്ട് എന്നാണ്.



രാമാനുജാചാര്യർ: വിശിഷ്ടാദ്വൈതം(Qualified Non-Dualism)

ആ 'ഞാൻ(I)' -സ്ഥലത്തിനും കാലത്തിനും, പ്രദേശം, മതം, ജാതി, വർഗം, ഭാഷ, ലിംഗം, പ്രായം, അഥവാ മറ്റെന്തിനും അതീതമായത്- നിത്യസാക്ഷി (Eternal Witness)യാകുന്നു. ആ 'ഞാൻ', ആ സാക്ഷി, ദിവ്യമാകുന്നു. ആ 'ഞാൻ', ആ സാക്ഷി, ബ്രഹ്മൻ-ഈശ്വരൻ ആകുന്നു. അതിനാൽ, "എനിക്ക് സാക്ഷി ഇല്ല." എന്ന് ബാബ പ്രസ്താവിക്കുമ്പോൾ അവിടുന്ന് എന്താണ് അർത്ഥമാക്കുന്നത്? അവിടുന്നാണ് സാക്ഷി! അവിടുത്തെയുള്ളിൽ മറ്റൊരു സാക്ഷിയുടെ പ്രശ്നമേ ഉദിക്കുന്നില്ല, എന്തുകൊണ്ടെന്നാൽ, അവിടുന്ന് എല്ലാവരുടെയും ഉള്ളിലെ സാക്ഷിയാണ്! ഞാൻ പറയുന്നത് വ്യക്തമാണോ? അതുകൊണ്ടാണ് ബാബ പറഞ്ഞത്, "എനിക്ക് സാക്ഷി ഇല്ല" എന്ന്.

എന്നെ വിശ്വസിച്ചാലും, അവിടുത്തെ സാഹിത്യവുമായി പരിചയമുള്ളവരും ആദ്ധ്യാത്മികതയിലും തത്വചിന്തയിലും താത്പര്യമുള്ളവരുമായ മറ്റു വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും പ്രതികരണത്തെപ്പറ്റി എനിക്കറിഞ്ഞുകൂടാ, പക്ഷേ എന്നെ സംബന്ധിച്ച്, ഇത് കേട്ടപ്പോൾ ഒരു തരം ഇലക്ട്രിക് ഷോക്ക് പോലെയായിരുന്നു. അതെ! സകല ശാസ്ത്രങ്ങളും വ്യക്തമായി പ്രസ്താവിക്കുന്ന ആ നിത്യസാക്ഷിയെപ്പറ്റി ചിന്തിച്ച് ഞാൻ എന്നെ മറന്നുപോയി.



ശ്രീ ശങ്കരൻ: അദ്വൈതം(Non-Dualism)

"അപ്പോൾ, സ്വാമീ?"

"ആ, പറയൂ, ഇനിയെന്താണ്?"

"സ്വാമീ, ഇന്നു കാലത്ത് ആ പണ്ഡിതൻ ഏതാനും ദൃഷ്ടാന്തങ്ങൾ പരാമർശിച്ചു."

"എന്തൊക്കെയാണവ?"

"സ്വാമീ, എനിക്കത് ശരിക്ക് മനസ്സിലായില്ല."

ദ്വൈതം(Dualism), വിശിഷ്ടാദ്വൈതം(Qualified non-dualism), അദ്വൈതം(Non-dualism) ഇവയെ പരാമർശിച്ചുകൊണ്ട് പ്രഭാഷകൻ ഏതാനും ഉദാഹരണങ്ങൾ തന്നിരുന്നു. എല്ലാവർക്കും പ്രയോജനപ്പെടുമാറ്, സ്വാമി അതെപ്പറ്റി സംസാരിച്ചിരുന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു. (ആളുകൾ ഇവിടെ വന്നത് എന്റെ പ്രഭാഷണം കേൾക്കാനല്ല. ഞാൻ അതെപ്പറ്റി തികച്ചും ബോധവാനാണ്; എനിക്കത് വളരെ ബോധ്യമുണ്ട്. കൂടുതൽ വിവരങ്ങൾ നേടിയെടുക്കുന്നതിനായി സ്വാമിയെക്കൊണ്ട് സംസാരിപ്പിക്കുകയെന്നതാണ് എന്റെ ജോലി!)

അപ്പോൾ ബാബ ഇപ്രകാരം അരുളുന്നതിന് ആരംഭിച്ചു: "ഈ മൂന്ന് തത്വചിന്താ പദ്ധതികളും(schools of philosophy)-ദ്വൈതം(Dualism), വിശിഷ്ടാദ്വൈതം(Qualified non-dualism), അദ്വൈതം(Non-dualism)-പരസ്പര പൂരകങ്ങളാണ്; അവ പരസ്പര വിരുദ്ധങ്ങളല്ല. അവ പരിണാമപര(evolutionary)മാണ്, വിപ്ലവാത്മകമല്ല. അവ അനുക്രമമാണ്, ഒന്ന് മറ്റൊന്നിന്റെ ഉപസിദ്ധാന്ത(corollary)മാണ്.

"ആ, സ്വാമീ."

അപ്പോൾ അവിടുന്ന് ദൃഷ്ടാന്തങ്ങൾ നൽകി: ഒരു ഇളം പഴം, പഴുക്കാറായ പഴം, പിന്നെ ഒരു പഴുത്ത പഴം. "ഇന്നത്തെ പഴുത്ത പഴം ഏതാനും ദിവസങ്ങൾക്കു മുമ്പ് പഴുക്കാറായ പഴമായിരുന്നു. ഏറെ നാൾ മുമ്പ്, ആ പഴുക്കാറായ പഴം ഇളംഫലമായിരുന്നു. അതുകൊണ്ട്, ഒരേ ഇളംഫലമാണ് വികസിച്ച് പക്വമായ ഫലമാവുന്നതും പൂർണമായും പാകമാവുന്നതും. ഇതേപോലെ, ദ്വൈതം നിങ്ങളെ



വിശിഷ്ടാദ്വൈതത്തിലേക്ക് കൊണ്ടുപോവുന്നു, അവസാനം അദ്വൈതത്തിലും. അങ്ങനെ, ദ്വൈതം, വിശിഷ്ടാദ്വൈതം, അദ്വൈതം ഇവ മൂന്ന് അവസ്ഥാന്തരങ്ങളാണ്, ഒന്ന് മറ്റേതിലേക്ക് നയിക്കുന്നു."



അപ്പോൾ സ്വാമി പറഞ്ഞു, "കളിമണ്ണ്, കുടം, കുശവൻ- മൂന്നെണ്ണം ഉണ്ട്. വ്യക്തി കളിമണ്ണുകൊണ്ട് നിർമ്മിതമായ കുടം ഉപയോഗിക്കുന്നു. ഇതുപോലെ, പ്രകൃതിയാണ് കളിമണ്ണ്. കുശവൻ ഈശ്വരനാകുന്നു. കുടം വ്യക്തിയാകുന്നു. വ്യക്തമായോ? ഇത് മൂന്ന് ബോധാവസ്ഥകൾ(3 states of consciousness) പോലെ, മൂന്ന് തത്വചിന്താപദ്ധതികൾ പോലെയാണ്- ദ്വൈതം, വിശിഷ്ടാദ്വൈതം, അദ്വൈതം.

അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, ഈ ചോദ്യത്തിന് എന്നോട് ക്ഷമിച്ചാലും."

"ശരി, എന്താണാ ചോദ്യം?"

"ദ്വൈതം പറയുന്നത് ഈശ്വരനും മനുഷ്യനും വെവ്വേറെയാണെന്നാണ്. ദ്വൈതസിദ്ധാന്ത പ്രകാരം, ഈശ്വരനും മനുഷ്യനും വ്യത്യസ്തരാണ്. അപ്പോൾ, മോക്ഷം, മുക്തി എന്താണ്?"

(എന്റെ സുഹൃത്തുക്കളേ, ഈ ചോദ്യം സരളവും ബാലിശവുമാണ് എന്ന് കരുതരുതേ. മോക്ഷം അഥവാ മുക്തി എന്ന നമ്മുടെ സങ്കൽപം, ഈശ്വരനുമായി ഒന്നാവുന്നതാണ്, നാം ഈശ്വരനുമായി താദാത്മ്യം പ്രാപിക്കുന്നതാണ്. ഇനി, ദ്വൈതം പറയുന്നു, 'ഈശ്വ രനും മനുഷ്യനും വിഭിന്നരാണ്.' ഇത് ശരിയാണെങ്കിൽ, അപ്പോൾ എന്താണ് മോക്ഷം? എന്താണ് മുക്തി?)

ബാബ അരുളി, "എന്റെ മനസ്സിലുള്ളതു പ്രകാരം, മമത ഇല്ലാതാവുന്നതാണ് മോക്ഷം. എപ്പോളാണോ മോഹം(ബന്ധനം) ഇല്ലാതാവുന്നത്, അപ്പോളാണ് മുക്തി. മോഹ ക്ഷയം(മോഹം=ബന്ധനം, ക്ഷയം=ലഘൂകരണം) ആണ് മോക്ഷം." വ്യക്തമായോ?

അവസാനം സ്വാമി അരുളി, "നിങ്ങൾ നിരവധി കാര്യങ്ങൾ പറഞ്ഞേക്കാം, എന്നാൽ



സത്യം ഒന്നേയുള്ളൂ, സത്യം ഒന്നേയുള്ളൂ.''

ഒരു ക്രിസ്ത്യൻ കോളജിൽനിന്നുള്ള വിദ്യാർത്ഥി എന്ന നിലയ്ക്ക്, ഞാൻ ഉടനടി പറഞ്ഞു, ''സ്വാമീ, ബൈബിളിൽ പറയുന്നു, 'നിങ്ങൾ സത്യത്തെ ഗ്രഹിക്കുവിൻ, ആ സത്യം നിങ്ങളെ മോചിപ്പിക്കും.''

സത്യം ഒന്നേയുള്ളൂ എന്ന് സ്വാമി അരുളിയപ്പോൾ, അതെത്ര സത്യമാണ്!

## പുസ്തകജ്ഞാനം ഉപരിപ്ലവം

അടുത്ത ഉപാഖ്യാനത്തിൽ, സ്വാമി ആരാഞ്ഞു, ''ഇന്നു കാലത്ത് കോളജിൽ എന്തായിരുന്നു സംഭവം? എന്തു പരിപാടിയായിരുന്നു?''



ഞാൻ പറഞ്ഞു, ''സ്വാമീ, കുട്ടികൾ ക്രിസ്തുമതത്തെപ്പറ്റി സംസാരിക്കുകയുണ്ടായി.''

''ഓ, അതേയോ. നന്നായി. അവർ ബൈബിളിനെക്കുറിച്ച് എന്താണ് പറഞ്ഞത്? എന്താണവർ പത്ത് കല്പനകളെക്കുറിച്ച് പറഞ്ഞത്? അവർ യേശുക്രിസ്തുവിനെക്കുറിച്ച് എന്താണ് പറഞ്ഞത്?''

അവിടുന്ന് ചോദ്യങ്ങളാൽ ഒന്നിനു പുറകെ ഒന്നായി ഞങ്ങളെ പ്രഹരിച്ചുകൊണ്ടേയിരുന്നു. കുട്ടികൾ എണീറ്റ് അവരുടേതായ ശൈലിയിൽ പറഞ്ഞു, ''സ്വാമീ, പത്ത് കല്പനകൾ ഇവയാണ്..'' ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ ലിസ്റ്റു ചെയ്ത്. എന്നിട്ട്, ''സ്വാമീ, ക്രിസ്തു മഹാനായിരുന്നു. അവിടുന്ന് പ്രേമത്തിനും ത്യാഗത്തിനും ഉടമയായിരുന്നു.''

''ഓ, നന്നായി!'' സ്വാമിക്ക് അത് ഇഷ്ടമായി.

അവസാനം അവിടുന്ന് പറഞ്ഞു, "ഇവിടെ നോക്കൂ. നിങ്ങൾ പറഞ്ഞതെല്ലാം പുസ്തക ജ്ഞാനത്തെ ആധാരമാക്കിയാണ്, അത് ഉപരിപ്ലവമായ ജ്ഞാനമാണ്. നിങ്ങൾക്ക് ഹൃദയത്തിൽ തോന്നുന്നതാവണമായിരുന്നു നിങ്ങൾ സംസാരിക്കേണ്ടിയിരുന്നത്, നിങ്ങളുടെ സ്വന്തം സ്പന്ദനത്തിൽനിന്ന്, നിങ്ങളുടെ സ്വന്തം ആന്തരധ്വനിയിൽനിന്ന്, നിങ്ങളുടെ സ്വന്തം അന്തർജ്ഞാനത്തിൽനിന്ന്. അതിനെ ആസ്പദമാക്കി വേണമായിരുന്നു നിങ്ങൾ സംസാരിക്കാൻ, അല്ലാതെ വിവിധ പുസ്തകങ്ങളിൽനിന്നും ശേഖരിച്ച അറിവു വച്ചിട്ടല്ല. പുസ്തകജ്ഞാനമെല്ലാം പാണ്ഡിത്യമാണ്. പാണ്ഡിത്യം ഒരു പ്രകടനം മാത്രം. പാണ്ഡിത്യം ഒരു പൊങ്ങച്ചം മാത്രം. അത് ചെയ്തുകൂടാ."




"അപ്പോൾ സ്വാമീ, ഞങ്ങൾ എന്തു ചെയ്യും? ഞങ്ങൾ വായന നിർത്താനോ?" (*ചിരി*)

സ്വാമി പറഞ്ഞു, "വേണ്ട. നിങ്ങളുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ സംസാരിക്കുക. കേവലം ആവിഷ്കരണത്തിനു പുറകെ പോവാതിരിക്കുക. അനുഭവങ്ങളാവണം അടിത്തറ. അപ്പോൾ ആവിഷ്കരണത്തിന് കുറച്ച് മൂല്യം കൈവരും."

അപ്പോൾ സ്വാമി പറഞ്ഞു, "കുട്ടികളേ, നിങ്ങൾക്ക് വേദാന്തം അറിയുമോ?"

ഇംഗ്ലീഷിൽ, നാം ഫിലോസഫി എന്നാണ് പറയുക. പക്ഷേ, വാസ്തവത്തിൽ, 'ഫിലോസഫി' എന്നത് വെറുമൊരു തർജ്ജമ മാത്രം, ആ പദത്തിന് ഒരു ക്ഷമാപണം മാത്രം. 'വേദാന്തം' എന്ന വാക്കിന്റെ അർത്ഥത്തിന്റെ ആഴം പ്രകാശിപ്പിക്കാൻ അതു പോരാ. 'വേദാന്തം' സംസ്കൃത പദമാണ്. 'ഫിലോസഫി' ഇംഗ്ലീഷ് പദവും.

സ്വാമി അരുളുന്നു, "ഫുൾ ലോസ്സ്, ഫിൽ ലോസ്സ്–ഫിലോസഫി(Full loss, fill loss – philosophy). Full loss എന്നാൽ full of loss, നിറയെ നഷ്ടം. Fill that loss, അത് നികത്തുക, അപ്പോളത് ഫിലോസഫിയാവും."

"ഓ, അതു ശരി. അപ്പോൾ, സ്വാമീ വേദാന്തം എന്താണ്?"

സ്വാമി ഇപ്രകാരമാണ് അരുളിയത്, "വേദാന്തം എന്നത് മൂർദ്ധന്യം ആണ്. വേദാന്തം എന്നത് പരകോടിയാകുന്നു. വേദാന്തം പരമമായത്."

"എങ്ങനെ? എനിക്കറിയില്ല."




ബാബ പറഞ്ഞു, "ഇവിടെ പാലുണ്ട്. തിളപ്പിക്കുക. കുറച്ചുനേരം കാക്കുക, നിങ്ങൾക്കത് ഉറയാക്കാം. പിറ്റേന്നു കാലത്ത് നിങ്ങൾക്ക് തൈര് കിട്ടുന്നു, ഇല്ലേ? ഇനി നിങ്ങളെന്താണ് ചെയ്യുക? അത് കടഞ്ഞു കടഞ്ഞ് നിങ്ങൾക്ക് വെണ്ണ കിട്ടും, ശരിയല്ലേ? ഇനി, ഈ വെണ്ണ ചൂടാക്കുക, നിങ്ങൾക്ക് നെയ്യ് കിട്ടുന്നു. ഈ നെയ്യ് ചൂടാക്കിയാലോ, അത് നെയ്യായിത്തന്നെ അവശേഷിക്കുന്നു. പാല് ആദ്യ ഘട്ടമാണ്, രണ്ടാം ഘട്ടം തൈരാണ്, മൂന്നാം ഘട്ടം വെണ്ണയാണ്, നാലാം ഘട്ടം നെയ്യാണ്. അതിനപ്പുറം മറ്റൊരു അവസ്ഥയില്ല. അതിനാൽ, വേദം പാലാണ്, വേദാന്തം അന്ത്യമാണ്, നെയ്യാണ്, പരിസമാപ്തിയാണ്, പരമമാണ്."




"ആ സ്വാമീ! ഞങ്ങൾ നെയ്യ് ഉപയോഗിക്കുന്നവരാണ്, ഞങ്ങൾക്ക് വെണ്ണ ഇഷ്ടമാണ്, എന്നാൽ അത് തത്വചിന്തയിലും വേദാന്തത്തിലും പ്രയോഗിക്കാനാവുമെന്ന് ഞങ്ങൾക്കറിയില്ലായിരുന്നു. എത്ര അതിശയകരമായ വിവരണരീതി!"

## ഈശ്വരാജ്ഞ അനുസരിച്ചാൽ, നിങ്ങൾക്ക് ജീവിതത്തിൽ സകലതും ലഭിക്കും

പെട്ടെന്ന് സ്വാമി ഒരു പയ്യനെ വിളിച്ചിട്ട് ചോദിച്ചു, "നിന്റെ പേരെന്താണ്?"

അവൻ ചോദിച്ചു, "സ്വാമീ, എന്റെ പേരോ?"

"അതെ."

"പരശുറാം, പരശുറാം."

“ഓ, അതു ശരി.” അവിടുന്ന് എന്നെ നോക്കി. “നിനക്ക് പരശുറാമിനെപ്പറ്റി എന്തെങ്കിലും അറിയാമോ?”

“സ്വാമീ, അവനൊരു എം.എസ്.സി. വിദ്യാർത്ഥിയാണ്.”

“ഛെ! ഈ വിദ്വാനല്ല! നിങ്ങളുടെ പുരാണത്തിലെ, ഇതിഹാസങ്ങളിലെ പരശുരാമൻ.”

“ഓ, എനിക്കറിയാം സ്വാമീ.”

“എന്ത്? നിനക്ക് എന്തറിയാം?”

“പരശുരാമൻ ഭഗവാൻ വിഷ്ണുവിന്റെ ദശാവതാരങ്ങളിലെ ഒരുവനായിരുന്നു. പരശുരാമൻ ക്ഷത്രിയവംശത്തെ മുഴുവനും കൊന്നൊടുക്കി. രക്ഷപ്പെട്ട രണ്ടുപേരെയൊഴികെ, ബാക്കി സകലരെയും അദ്ദേഹം വധിച്ചു. ഒരാൾ രാമന്റെ പിതാവായ ദശരഥൻ ആയിരുന്നു. മറ്റേയാൾ സീതയുടെ പിതാവായ ജനകനും. സ്വാമീ, അവർക്ക് എങ്ങനെ രക്ഷപ്പെടാനായി? പരശുരാമൻ ക്ഷത്രിയവംശത്തെ മുഴുവനും കൊന്നൊടുക്കിയപ്പോൾ, ഇവർ രണ്ടു പേർക്കും എങ്ങനെ രക്ഷപ്പെടാനായി?”

സ്വാമി പറഞ്ഞു, “കൊലയിൽപ്പോലും ഒരു ചട്ടമുണ്ട്.” (*ചിരി*)

“ഓ, അതേയോ. ആ നിയമം എന്താണ്?”

“ഒരുവൻ യജ്ഞം അനുഷ്ഠിക്കുകയാണെങ്കിൽ, അവൻ വധിക്കപ്പെട്ടുകൂടാ. ഒരുവൻ വിവാഹിതനാവുമ്പോൾ വധിക്കപ്പെട്ടുകൂടാ. ദശരഥന് മൂന്ന് പത്നിമാരുണ്ടായിരുന്നു. പരശുരാമൻ ആക്രമിക്കുന്ന നേരത്ത്, അദ്ദേഹം അതിലൊരു പത്നിയെ വേൾക്കുന്ന വേളയായിരുന്നു, അതുകൊണ്ട് ഒഴിവാക്കപ്പെട്ടു. പരശുരാമൻ ജനകനെ വധിക്കാറായപ്പോൾ, അയാൾ ഒരു യജ്ഞം നടത്തുന്നതായി കണ്ടു, അതുകൊണ്ട് അയാൾ ഒഴിവാക്കപ്പെട്ടു. ഇവിടെ രാമന്റെയും അവിടെ സീതയുടെയും ജനനത്തിന് അതിടയാക്കി. അത് സീതാ-രാമ പരിണയം എന്ന സ്വർഗീയ വിവാഹത്തിലേക്ക് വഴി തുറന്നു.” ഇപ്രകാരമാണ് സ്വാമി പറഞ്ഞത്.

അപ്പോൾ സ്വാമി പരശുരാമനെ സംബന്ധിച്ച ഒരു കഥ പറയുകയുണ്ടായി.

"പരശുരാമന്റെ പിതാവിന്റെ പേര് ജമദഗ്നി എന്നായിരുന്നു, ഒരു മഹർഷിയുടെ പേരാണത്.



പരശുരാമന്റെ മാതാവിന്റെ പേര് രേണുക. ഒരു ദിവസം ജമദഗ്നി, പരശുരാമന്റെ പിതാവ്, തന്റെ ഭാര്യ യായ രേണുകയോട് അത്യന്തം കുപിതനായിട്ട്, പുത്രനായ പരശു രാമനെ വിളിച്ചു."

"ഇവിടെ വരൂ പുത്രാ. വാളെടുത്ത് നിന്റെ അമ്മയെ വധിക്കൂ."

പരശുരാമൻ ഉടനടി വാളെടുത്ത് സ്വന്തം മാതാവിനെ വധിക്കുകയു ണ്ടായി. പിതാവ് വളരെ സന്തുഷ്ട നായി, കാരണം, തന്റെ പുത്രൻ ഉട നടി തന്റെ ആജ്ഞ അനുസരിച്ചുവ ല്ലോ.

പിതാവ് പറഞ്ഞു, "എന്റെ പ്രിയപു ത്രാ, നിന്റെ പെരുമാറ്റത്തിൽ ഞാൻ അത്യധികം സന്തുഷ്ടനാണ്. ഇപ്പോൾ ഞാൻ നിനക്ക് ഒരു വരം തരാൻ പോവുന്നു. നിന ക്കെന്താണ് വേണ്ടത്? ഞാനത് നിനക്ക് തരുന്നുണ്ട്."

മകൻ പറഞ്ഞു, "പ്രിയപ്പെട്ട പിതാവേ, എന്റെ അമ്മയെ ജീവിപ്പിച്ചാലും."

ഉടനടി, രേണുക പുനരുജ്ജീവിക്കപ്പെട്ടു; അവർ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവര പ്പെട്ടു."

സ്വാമി പരാമർശിച്ചത് എന്തെന്നാൽ, നിങ്ങൾ ഈശ്വരന്റെ ഇച്ഛ സഫലമാക്കുമ്പോൾ, നിങ്ങൾ ഈശ്വരന്റെ ആജ്ഞ നിറവേറ്റുമ്പോൾ, നിങ്ങൾക്ക് ജീവിതത്തിൽ എല്ലാം കിട്ടും. ജമദഗ്നിയെ അനുസരിച്ചതിന്, പരശുരാമന് ഏറ്റവും നല്ല അന്തസ്സുണ്ടായി, ഇന്നും സ്മരി

ക്കപ്പെടുന്ന കീർത്തി ലഭിച്ചു. അദ്ദേഹത്തിന്റെ സത്പ്രവൃത്തി സ്വന്തം മാതാവിനെ ജീവിതത്തിലേക്ക് തിരികെക്കൊണ്ടുവന്നു. ഇതാണ് സ്വാമി പറഞ്ഞത്.

ഭഗവാന് നന്ദിയോടെ,

നമുക്ക് വീണ്ടും കാണാം.

നിങ്ങൾക്ക് വളരെ നന്ദി.

സായിരാം.

*ഓം.. ഓം.. ഓം..*
*അസതോ മാ സത് ഗമയ*
*തമസോ മാ ജ്യോതിർ ഗമയ*
*മൃത്യോർ മാ അമൃതം ഗമയ*

*ഓം ലോകാ സമസ്താ സുഖിനോ ഭവന്തു*
*ലോകാ സമസ്താ സുഖിനോ ഭവന്തു*
*ലോകാ സമസ്താ സുഖിനോ ഭവന്തു*

*ഓം ശാന്തി: ശാന്തി: ശാന്തി:*

*ജയ് ബോലോ ഭഗവാൻ ശ്രീ സത്യസായി ബാബാജീ കീ ജയ്*



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)